പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3060 10.12.2018 ൽ മറുപടിക്ക്</u>

## കേന്ദ്രപദ്ധതികളിലൂടെ റോഡ് നിർമ്മാണം

**ചോദ്യം**

ശ്രീ. ഒ. രാജഗോപാൽ

2018 ആഗസ്റ്റ് മാസത്തിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും കേന്ദ്ര പദ്ധതികളിൽ ഉൾപ്പെടുത്തി നിർമ്മിച്ച് നൽകുവാൻ തയ്യാറാണെന്ന് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ നാശനഷ്ടം കണക്കാക്കി കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ; സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഉത്തരം**

ശ്രീ. ജി. സുധാകരൻ
(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

ദേശീയപാത വിഭാഗത്തിൽ കേരളത്തിലെ വിവിധ ദേശീയപാതകളിലായി പ്രളയവുമായി ബന്ധപ്പെട്ട് 911.75 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പരിഹാരത്തിനായി വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി 206.85 കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആനുവൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി 74.50 കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള 630.40 കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആനുവൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ കേരളത്തിന്റെ വിഹിതമായി 178 കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും 178 കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നിന്നും നാശനഷ്ടം കണക്കാക്കി കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിന് വേണ്ടി 2828 കോടി രൂപയുടെ നാശനഷ്ടം കണക്കാക്കി വിശദാംശം ദുരന്തനിവാരണ വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

Rajith

സെക്ഷൻ ഓഫീസർ